05 | NAUTICAL TIMES KERALA
2024
ഒക്ടോബർ
ശനി
കന്നി 19

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-5, Issue No.279 Page 4, | Price: Rs. 2 | പുസ്തകം-5 ലക്കം-279 | പേജ് 4. വില 2.00 രൂപ




02 തദ്ദേശ അദാലത്ത്; 17799 പരാതികളിൽ 16767 എണ്ണം തീർപ്പാക്കി
03 മൃഗങ്ങളുടെ ആവാസവ്യവസ്ഥയിലേക്ക് മനുഷ്യൻ കടന്നു കയറരുത്: മന്ത്രി
04 പിടിവിട്ടു കുതിച്ച് സ്വർണവില; 57,000 രൂപയിലേക്ക്

## ഒരു കപ്പലിൽനിന്ന് മാത്രം 10,330 കണ്ടെയ്നറുകൾ

# വിഴിഞ്ഞം തുറമുഖത്തിന് മറ്റൊരു നേട്ടംകൂടി

തിരുവനന്തപുരം: ഒരു കപ്പലിൽ നിന്നു മാത്രം 10, 330 കണ്ടെയ്നറുകൾ കൈകാര്യം ചെയ്ത് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പുതിയ ഒരു നേട്ടം കൂടി കൈവരിച്ചു. ഇന്ത്യയിൽ ഒരു കപ്പലിൽനിന്ന് നടന്ന ഏറ്റവും വലിയ കണ്ടെയ്നർ നീക്കങ്ങളിൽ ഒന്നാണിതെന്ന് തുറമുഖ അധികൃതർ അറിയിച്ചു. ട്രയൽ റൺ സമയത്ത് ഇത്രയധികം കണ്ടെയ്നറുകൾ കൈകാര്യം ചെയ്തത് വിഴിഞ്ഞത്തെ സംബന്ധിച്ചിടത്തോളം അപൂർവ്വ നേട്ടമാണ്.

കഴിഞ്ഞ മാസം 27ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെത്തിയ മെഡിറ്ററേനിയൻ ഷിപ്പിങ് കമ്പനിയുടെ (എം. എസ്. സി) എം. എസ്. സി അന്ന എന്ന കപ്പലിൽനിന്ന് കണ്ടെയ്നർ കയറ്റിറക്കിയാണ് ഈ നേട്ടത്തിലേക്ക് എത്തിയത്. വിഴിഞ്ഞം തുറമുഖത്തടുത്ത




ഏറ്റവും വലിയ രണ്ടാമത്തെ കപ്പലെന്ന പദവിയും അന്ന എന്ന മദർഷിപ്പിന് സ്വന്തമാണ്. എം. എസ്. സി അന്നയുടെ വീതി 58.6 മീറ്ററും നീളം 399.98 മീറ്ററുമാണ്. ജലോപരിതലത്തിൽനിന്ന് താഴോട്ടുള്ള ഈ കപ്പലിന്റെ ആഴം 14.7 മീറ്ററുമാണ്.

തുറമുഖത്ത് സ്ഥാപിച്ചിട്ടുള്ളതും ഓട്ടോമാറ്റഡ് സംവിധാനത്തിൽ പ്രവർത്തിക്കുന്നതുമായ ക്രെയിനുകളുപയോഗിച്ച് കപ്പലുകളിൽ നിന്ന് കണ്ടെയ്നറുകൾ കരയിലേക്കും തിരികെ കപ്പലിലേക്കും കയറ്റിയതിനുശേഷം സെപ്തംബർ 30ന് കപ്പൽ ശ്രീലങ്കയിലെ കൊളംബോയിലേക്ക് മടങ്ങിയിരുന്നു. ട്രയൽ റണ്ണിൽ തന്നെ സ്വായത്തമാക്കിയ ഈ നേട്ടം വരും നാളുകളിൽ വലിയ നേട്ടങ്ങൾ കൈവരിക്കാൻ വിഴിഞ്ഞത്തെ പ്രാപ്തമാക്കും.

## വയനാടിന് ആദരമർപ്പിച്ച് നിയമസഭ; കേന്ദ്രസഹായം കിട്ടാത്തത് ദൗർഭാഗ്യകരമെന്ന് പ്രതിപക്ഷം

തിരുവനന്തപുരം: വയനാട് ദുരന്തത്തിൽ മരിച്ചവർക്ക് ചരമോചാരം അർപ്പിച്ച് നിയമസഭ. സമാനകളില്ലാത്ത ദുരന്തമാണ് വയനാട്ടിലുണ്ടായതെന്ന് മുഖ്യമന്ത്രി അനുസ്മരിച്ചു.

വയനാട് ഉരുൾപൊട്ടലിൽ 1200 കോടിയുടെ നഷ്ടമുണ്ടായി. ശാസ്ത്രീയ ഭൂവിനിയോഗം, അപകട മുന്നണിയിപ്പ് സംവിധാനം എന്നിവ ഫലപ്രദമായി നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി പ്രതികരിച്ചു.

ലോകം മുഴുവൻ വയനാടിന് ഒപ്പം നിന്നെന്ന് സ്പീക്കർ പറഞ്ഞു. മാധ്യമങ്ങൾ പുനരധിവാസത്തിന് വേണ്ട പ്രാധാന്യം നൽകുന്നില്ലെന്ന് സ്പീക്കർ വിമർശിച്ചു. അതേസമയം ദുരന്തബാധിതർക്ക് സഹായം പ്രഖ്യാപിക്കാത്ത കേന്ദ്രത്തെ വിമർശിക്കാൻ മുഖ്യമന്ത്രിയോ സ്പീക്കറോ തയാറായില്ല.

തൽക്കാലിക സഹായം പോലും കേന്ദ്രസർക്കാർ തരുന്നില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ വിമർശിച്ചു. കേന്ദ്ര സഹായം കിട്ടാത്തത് ദൗർഭാഗ്യകരമാണ്.

സമഗ്ര പുനരധിവാസ പാക്കേജാണ് സംസ്ഥാനത്തിന് വേണ്ടത്. പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കണം. പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി കാണാനുള്ള സംവിധാനങ്ങൾ ഉണ്ടാകണമെന്നും സതീശൻ ആവശ്യപ്പെട്ടു.

## വൻ ഏറ്റുമുട്ടൽ; 30 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു

റായ്പൂർ: ഛത്തീസ്ഗഡിലെ നാരായൺപൂരിൽ സുരക്ഷാ സേനയും മാവോയിസ്റ്റുകളും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ 30 മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. നാരായൺപൂർ ദന്തേവാഡ അതിർത്തിയിലെ വനത്തിലാണ് ഏറ്റുമുട്ടലുണ്ടായത്.

23 മൃതദേഹങ്ങൾ കണ്ടെത്തിയെന്നും സ്ഥലത്തു നിന്ന് വൻ ആയുധശേഖരം പിടിച്ചെടുത്തെന്നും സുരക്ഷാ സേന വ്യക്തമാക്കി. വനത്തിൽ മാവോയിസ്റ്റുകൾ തമ്പടിച്ചു എന്ന രഹസ്യവിവരം സുരക്ഷാസേനയ്ക്ക് ലഭിച്ചിരുന്നു. തുടർന്ന് പരിശോധനയ്ക്ക് എത്തിയ സുരക്ഷാസേനയ്ക്കു നേരെ മാവോയിസ്റ്റുകൾ വെടിവയ്ക്കുകയായിരുന്നു.

വെള്ളിയാഴ്ച ഉച്ചയ്ക്ക് ആരംഭിച്ച ഏറ്റുമുട്ടൽ ഇപ്പോഴും തുടരുകയാണ്. സ്ഥലത്ത് കൂടുതൽ സുരക്ഷാസേനയെ വിന്യസിച്ചെന്നും പരിശോധന ആരംഭിച്ചെന്നും അധികൃതർ പറഞ്ഞു.

### നാദാപുരം ഷിബിൻ വധം: എട്ടുപ്രതികൾ കുറ്റക്കാരെന്ന് ഹൈക്കോടതി

കൊച്ചി: നാദാപുരം തൂണേരിയിൽ ഡിവൈഎഫ്ഐ പ്രവർത്തകനായ ഷിബിൻ കൊല്ലപ്പെട്ട കേസിൽ എട്ടു പ്രതികൾ കുറ്റക്കാരാണെന്ന് ഹൈക്കോടതി. ഒന്ന് മുതൽ ആറ് വരെ പ്രതികളെയും 15, 16 പ്രതികളെയുമാണ് ഹൈക്കോടതി കുറ്റക്കാരെന്ന് കണ്ടെത്തിയത്.

സർക്കാരിന്റെ ഉൾപ്പെടെ അപ്പീലിലാണ് വിധി. പ്രതികൾ 15ന് ഹാജരാകണമെന്ന് കോടതി ഉത്തരവിട്ടു. അന്ന് ശിക്ഷ വിധിക്കും. മുസ്!ലിം ലീഗ് പ്രവർത്തകരടക്കമുള്ള 17 പ്രതികളെ വെറുതെ വിട്ടുകൊണ്ടുള്ള എരഞ്ഞിപ്പാലം അഡീഷണൽ സെഷൻസ് കോടതി വിധിക്കെതിരെയായിരുന്നു സർക്കാരിന്റെ അപ്പീൽ. കുറ്റം തെളിയിക്കുന്നതിൽ പ്രോസിക്യൂഷൻ പരാജയപ്പെട്ടതായി കണ്ടെത്തിയായിരുന്നു പ്രതികളെ വെറുതെ വിട്ടത്.

## വീട്ടമ്മയെ കാർ കയറ്റികൊന്ന കേസ്; ഒന്നാം പ്രതിയുടെ ജാമ്യാപേക്ഷ തള്ളി

കൊല്ലം: മൈനാഗപ്പള്ളി അന്നൂർക്കാവിൽ സ്കൂട്ടർ യാത്രികയായ വീട്ടമ്മയെ കാർ കയറ്റി കൊലപ്പെടുത്തിയ കേസിലെ ഒന്നാം പ്രതിയുടെ ജാമ്യാപേക്ഷ കോടതി തള്ളി.

കരുനാഗപ്പള്ളി ഇടക്കുളങ്ങര പുന്തല തെക്കേതിൽ മുഹമ്മദ് അജ്മലിന്റെ (29) ജാമ്യാപേക്ഷയാണ് വാദം കേൾക്കാതെ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി ജി. ഗോപകുമാർ തള്ളിയത്.

അപകടത്തിനു ശേഷം ജീവഹാനി ഭയന്നാണ് കാറിനു പുറത്തിറങ്ങാതിരുന്നതെന്ന പ്രതിഭാഗത്തിന്റെ വാദം കോടതി സ്വീകരിച്ചില്ല.

ഒരാളുടെ പുറത്തുകൂടി കാർ ഓടിച്ചുകയറ്റുമ്പോൾ അവർക്ക് ജീവഹാനി സംഭവിക്കില്ലേയെന്നും കോടതി പ്രതിഭാഗത്തോട് ചോദിച്ചു. അതേസമയം, കേസിൽ എത്രയും വേഗം കുറ്റപത്രം സമർപ്പിക്കാനുള്ള നീക്കത്തിലാണ് അന്വേഷണ സംഘം. ചില ശാസ്ത്രീയ പരിശോധനയുടെ റിപ്പോർട്ടുകൾ വൈകാതെ ലഭിക്കും.

കുറ്റപത്രം സമർപ്പിക്കാനുള്ള കാലാവധിക്ക് മുമ്പു തന്നെ സമർപ്പിക്കാനാണ് പോലീസ് തയാറെടുന്നത്. 10 വർഷം വരെ തടവു ലഭിക്കാവുന്ന കുറ്റങ്ങളിൽ അറസ്റ്റ് ചെയ്ത് 60 ദിവസത്തിനുള്ളിൽ കുറ്റപത്രം സമർപ്പിച്ചാൽ പ്രതിക്ക് ജാമ്യം ലഭിക്കില്ലെന്ന വിലയിരുത്തലിലാണ് പോലീസ്.

അജ്മലിനൊപ്പം സഞ്ചരിച്ചിരുന്ന നെയ്യാറ്റിൻകര സ്വദേശിനി ഡോ. ശ്രീകുട്ടിക്ക് സെഷൻസ് കോടതി ജാമ്യം നൽകിയിരുന്നു.

തിരുവോണ ദിവസം വൈകുന്നേരമാണ് കേസിന് ആസ്പദമായ സംഭവം നടന്നത്. സ്കൂട്ടറിൽ ബന്ധുവിനൊപ്പം യാത്ര ചെയ്തിരുന്ന മൈനാഗപ്പള്ളി അന്നൂർക്കാവ് പഞ്ഞിപുല്ലുവിള കുഞ്ഞുമോളാണ് (45) കൊല്ലപ്പെട്ടത്.

പ്രോസിക്യൂഷനു വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ സിസിൻ ജി. മുണ്ടയ്ക്കലും കൊല്ലപ്പെട്ട കുഞ്ഞുമോളുടെ കുടുംബത്തിനു വേണ്ടി അഭിഭാഷകരായ കണിച്ചേരിൽ സുരേഷ്, അനൂപ് കെ. ബഷീർ എന്നിവരും ഹാജരായി.

## ഒന്നിച്ച് നിന്നാൽ ശത്രുവിനെ തോൽപ്പിക്കാനാകും: ഖമനേയി

ടെഹ്റാൻ: ഒന്നിച്ചുനിന്നാൽ മുസ്ലിംകൾക്ക് ശത്രുവിനെ തോൽപ്പിക്കാനാകുമെന്ന് ഇറാൻ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമനേയി. മുസ്ലിം രാജ്യങ്ങൾ ശത്രുവിന്റെ ശക്തി തിരിച്ചറിയണമെന്നും ഖമനേയി പറഞ്ഞു.


ടെഹ്റാനിലെ മോസ്കിൽ വെള്ളിയാഴ്ച നമസ്കാരത്തിനിടെ സംസാരിക്കുകയായിരുന്നു ഖമനേയി. ഇറാന്റെ മിസൈൽ ആക്രമണം ശത്രുവിനുള്ള കുറഞ്ഞ ശിക്ഷ മാത്രമാണ്. സ്വയം പ്രതിരോധത്തിനുള്ള അവകാശം എല്ലാ രാജ്യങ്ങൾക്കുമുണ്ട്. അത് ഉപയോഗിക്കുക മാത്രമാണ് ഇറാൻ ചെയ്തത്.

ഇറാന്റെയും പലസ്തീന്റെയും ലബനന്റെയുമെല്ലാം ശത്രു ഒന്നാണ്. ഇസ്ലാമിക രാജ്യങ്ങൾ ശത്രുവിന്റെ ലക്ഷ്യം തിരിച്ചറിയണമെന്നും ഖമനേയി കൂട്ടിച്ചേർത്തു.

ഇസ്രയേലുമായുള്ള സംഘർഷം രൂക്ഷമാകുന്നതിനിടെയാണ് ഖമനേയിയുടെ പരാമർശം. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഇതാദ്യമായാണ് ഖമനേയി വെള്ളിയാഴ്ച നമസ്കാരത്തിന് നേതൃത്വം നൽകുന്നത്.

2020 ജനുവരിയിലാണു ഖമനേയി അവസാനമായി വെള്ളിയാഴ്ച നമസ്കാരത്തിന് നേതൃത്വം കൊടുത്തത്. ഇറാന്റെ അർധസൈനിക വിഭാഗമായ റവല്യൂഷനറി ഗാർഡ്സ് കമാൻഡർ ഖാസിം സുലൈമാനിയെ വധിച്ചതിനു പ്രതികാരമായി ഇറാഖിലെ യുഎസ് സൈനിക കേന്ദ്രത്തിൽ ഇറാൻ മിസൈലാക്രമണം നടത്തിയതിന് പിന്നാലെയായിരുന്നു ഇത്.





മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് മത്സ്യഫെഡ് അംഗസംഘങ്ങളും ഭരണസമിതി അംഗങ്ങളും ജീവനക്കാരും ചേർന്ന് സമാഹരിച്ച 41,47,485 രൂപ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു.

# തദ്ദേശ അദാലത്ത്; 17799 പരാതികളിൽ 16767 എണ്ണം തീർപ്പാക്കി : മന്ത്രി എം ബി രാജേഷ്

എല്ലാ ജില്ലകളിലും തിരുവനന്തപുരം കൊച്ചി കോഴിക്കോട് കോർപറേഷനുകളിലുമായി നടന്ന 17 തദ്ദേശ അദാലത്തുകളിലൂടെ ലഭിച്ച 17799 പരാതികളിൽ 16767 എണ്ണം തീർപ്പാക്കിയതായി തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ്. 92 ശതമാനത്തിലധികം പരാതികളും അപേക്ഷകന് അനുകൂലമായാണ് തീർപ്പാക്കിയത്. തീർപ്പാക്കിയ 14095 പരാതികളിലെ തീരുമാനങ്ങൾ ഇതിനകം നടപ്പിലാക്കി. ഒക്ടോബർ ഒന്നാം തീയതി നടന്ന വയനാട് ജില്ലാ അദാലത്ത് ദിവസം ലഭിച്ചവ ഉൾപ്പെടെ 1032 പരാതികളാണ് തീർപ്പാക്കാൻ ബാക്കിയുള്ളത്. ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നതായും വാർത്താസമ്മേളനത്തിൽ മന്ത്രി വ്യക്തമാക്കി.അദാലത്തിന് അഞ്ച് ദിവസം മുൻപ് വരെ ഓൺലൈനായി ലഭിച്ച അപേക്ഷകളാണ് അദാലത്ത് വേദികളിൽ പരിഹരിച്ചത്. ഉപജില്ലാ, ജില്ലാ, സംസ്ഥാന അദാലത്ത് സമിതികളും മന്ത്രിയുടെ നേതൃത്വത്തിലുള്ള സർക്കാർ അദാലത്ത് സമിതിയുമാണ് പരാതികൾ തീർപ്പാക്കിയത്. മുപ്പത്തിയഞ്ചിലധികം പൊതുതീരുമാനങ്ങളുടേയും സ്പഷ്ടീകരണത്തിന്റേയും ചട്ടഭേദഗതികളുടേയും പിൻബലത്തോടെയാണ് കൂടുതൽ പരാതികളും പരിഹരിച്ചത്. സാങ്കേതിക കാര്യങ്ങളിലും തർക്കങ്ങളിലും കുടുങ്ങിക്കിടന്നതും നീതി നിഷേധിക്കപ്പെട്ടതുമായ നിരവധി പ്രശ്നങ്ങൾ പരിഹരിക്കാനായി.

അദാലത്ത് ദിവസം നേരിട്ടുവന്ന പരാതികൾ രണ്ട് ആഴ്ചയ്ക്കുള്ളിൽ പരിഹരിക്കാൻ നിർദേശിച്ചിട്ടുണ്ട്. ഈ പരിശോധന അവസാനഘട്ടത്തിലാണ്. അദാലത്തിലെ തീർപ്പ് സമയബന്ധിതമായി നടപ്പിലാക്കുന്നുവെന്നും അവസാന അപേക്ഷയിലും നീതിയുക്തമായ തീർപ്പുണ്ടാക്കുന്നുവെന്നും ഉറപ്പാക്കാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലും ജോയിന്റ് ഡയറക്ടർ ഓഫീസുകളിലും മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. ഒക്ടോബർ 15നകം പരാതികൾ പൂർണമായി തീർപ്പാക്കി തീരുമാനങ്ങൾ നടപ്പിലാക്കി റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്. ഇത് വിലയിരുത്താൻ മൂന്ന് മേഖലകളായി തിരിച്ച് മന്ത്രിതല അവലോകനവും നിശ്ചയിച്ചിട്ടുണ്ട്. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലും സർക്കാരിലും തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ പരിഹരിക്കാൻ പ്രത്യേക അദാലത്ത് നടത്തും. മുനിസിപ്പൽ കോർപറേഷനുകളുടെ പ്രത്യേകമായ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഒരു അദാലത്തും തീരുമാനിച്ചിട്ടുണ്ട്. ഈ അദാലത്തുകൾ എല്ലാം നവംബർ 15 ഓടെ പൂർത്തിയാക്കുമെന്നും മന്ത്രി അറിയിച്ചു.

മന്ത്രിക്കൊപ്പം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ശർമ്മിള മേരി ജോസഫ്, സ്പെഷ്യൽ സെക്രട്ടറി ടി വി അനുപമ, പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു, റൂറൽ ഡയറക്ടർ ദിനേശൻ ചെറുവാട്ട്, അർബൻ ഡയറക്ടർ സൂരജ് ഷാജി, ചീഫ് എഞ്ചിനീയർ സന്ദീപ് കെ ജി, ചീഫ് ടൗൺ പ്ലാനർ ഷിജി ചന്ദ്രൻ തുടങ്ങിയവരാണ് അദാലത്തിന് നേതൃത്വം നൽകിയത്.
വാർത്താസമ്മേളനത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ശർമ്മിള മേരി ജോസഫ്, സ്പെഷ്യൽ സെക്രട്ടറി ടി വി അനുപമ, പ്രിൻസിപ്പൽ ഡയറക്ടർ സീറാം സാംബശിവ റാവു, റൂറൽ ഡയറക്ടർ ദിനേശൻ ചെറുവാട്ട്, ചീഫ് ടൗൺ പ്ലാനർ ഷിജി ചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് മത്സ്യഫെഡ് 41,47,485 രൂപ കൈമാറി

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് മത്സ്യഫെഡ് 41,47,485 രൂപ കൈമാറി. മത്സ്യഫെഡിലെ അംഗസംഘങ്ങളും, മത്സ്യഫെഡ് ഭരണസമിതി അംഗങ്ങളും ജീവനക്കാരും ചേർന്ന് സമാഹരിച്ച തുകയാണ് കൈമാറിയത്.

## ദർഘാസ്

പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർഥികൾക്കായി സംസ്ഥാനതല കായികമേളയായ കളിക്കളം 2024 ഒക്ടോബർ 28, 29, 30 തീയതികളിൽ തിരുവനന്തപുരം കാര്യവട്ടം എൽ.എൻ.സി.പി.ഇ സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുന്നു. ഇതിന്റെ ആവശ്യത്തിനായി താത്കാലിക പന്തൽ നിർമ്മിക്കുന്നതിനും ശബ്ദവും വെളിച്ചവും ഏർപ്പെടുത്തുന്നതിനുമായി ദർഘാസുകൾ ക്ഷണിക്കുന്നു. ഫോറം വിൽക്കുന്ന അവസാന തീയതി ഒക്ടോബർ 11 വൈകുന്നേരം 4 മണി. കൂടുതൽ വിവരങ്ങൾക്ക്: 0471 2303229.

## എൽ.ബി.എസ് സെന്ററിൽ തൊഴിലധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സുകൾ

കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം സെന്ററിൽ ഒക്ടോബർ മാസത്തിൽ ആരംഭിക്കുന്ന കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് ആൻഡ് ജിഎസ്ടി യൂസിങ് ടാലി കോഴ്സിന് പ്ലസ്ടു കൊമേഴ്സ് / ബികോം പാസായവർക്ക് അപേക്ഷിക്കാം. www.lbscetnre.kerala.gov.in വെബ്സൈറ്റ് മുഖേന ഓൺലൈനായി ഒക്ടോബർ 14നകം അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0471 2560333 / 9995005055.

## ദിന്നശേഷിക്കാർക്ക് ബങ്കുകൾ നൽകുന്നതിന് ഒക്ടോബർ 10 വരെ അപേക്ഷിക്കാം

കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷനും സംസ്ഥാന പനയുൽപ്പന്ന തൊഴിലാളി വികസന കോർപ്പറേഷനും നഗരസഭയിലെ ഭിന്നശേഷിക്കാർക്ക് ബങ്കുകൾ നൽകുന്ന പദ്ധതിക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 10 വരെ നീട്ടി. മാനദണ്ഡങ്ങൾക്കനുസരിച്ച് പൂരിപ്പിച്ച അപേക്ഷകൾ സമർപ്പിക്കണം. ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ബങ്കുകൾ അനുവദിക്കും. പേരും മറ്റ് വിശദാംശങ്ങളും ഫോട്ടോഗ്രാഫും ഉൾപ്പെടെ ഒക്ടോബർ 10 ന് വൈകുന്നേരം 5 മണിക്കകം നിശ്ചിത അപേക്ഷാ ഫോറത്തിൽ ഭിന്നശേഷി കോർപ്പറേഷനിൽ ലഭ്യമാക്കേണ്ടതാണ്. അപേക്ഷാഫോറവും മറ്റു വിശദാംശങ്ങളും www.hpwc.kerala.gov.in ൽ ലഭിക്കും. ഫോൺ: 0471 2347768, 9497281896.

## കെറെറയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്

കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി(കെറെറ)യിൽ കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കരാറടിസ്ഥാനത്തിലാണ് നിയമനം. യോഗ്യത: പ്ലസ് ടു, കെജിടിഇ ഇംഗ്ലീഷ് (ഹയർ), മലയാളം (ലോവർ), കമ്പ്യൂട്ടർ വേഡ് പ്രൊസസിങ്. പ്രായം: 40 വയസിന് താഴെ. കമ്പ്യൂട്ടർ, ടൈപ്പിങ് പരിജ്ഞാനമുള്ളവരും കേന്ദ്രസംസ്ഥാന സർക്കാർ വകുപ്പുകളിൽ നിന്നോ പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നോ സമാന തസ്തികകളിൽ നിന്ന് വിരമിച്ചവരുമായ 62 വയസിൽ താഴെയുള്ളവർക്കും അപേക്ഷിക്കാം. ശമ്പളം: പ്രതിമാസം : 25,000 രൂപ. താല്പര്യമുള്ളവർ ബയോഡാറ്റയോടോപ്പം യോഗ്യത, പ്രായം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെയും ഫോട്ടോ ഐഡന്റിറ്റി കാർഡിന്റെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം കേരള റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി, ആറാം നില, ട്രിനിറ്റി സെന്റർ, കേശവദാസപുരം ജങ്ഷൻ, പട്ടം പി.ഒ., തിരുവനന്തപുരം 695004 എന്ന വിലാസത്തിൽ ഒക്ടോബർ 10 നകം അപേക്ഷിക്കണം. ഫോൺ: 9497680600, 04713501012.

## രാജ്ഭവനിൽ വിദ്യാരംഭം തീയതി നീട്ടി

കേരള രാജ്ഭവനിൽ 2024 ഒക്ടോബർ 13 ന് രാവിലെ നടക്കുന്ന വിദ്യാരംഭ ചടങ്ങിൽ കുട്ടികളെ എഴുത്തിനിരുത്താനുള്ള രജിസ്ട്രേഷൻ ഒക്ടോബർ 9 വരെ നീട്ടി. ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ കുട്ടികളെ ആദ്യാക്ഷരം എഴുതിക്കും. രജിസ്ട്രേഷനായി വിളിക്കേണ്ട നമ്പർ: 04712721100.

## മോട്ടോർവാഹന വകുപ്പ് ഉദ്യോഗസ്ഥർക്ക് മുഖ്യമന്ത്രിയുടെ മെഡൽ

മോട്ടോർ വാഹന വകുപ്പിലെ പത്ത് ഉദ്യോഗസ്ഥർക്ക് വിശിഷ്ട സേവനത്തിനുള്ള മുഖ്യമന്ത്രിയുടെ ട്രാൻസ്പോർട്ട് മെഡൽ. നിയമപാലനം ഉറപ്പുവരുത്തുന്നതിലും കൃത്യനിർവഹണത്തിലുമുള്ള മികവും പരിഗണിച്ചാണ് ഈ വർഷത്തെ മെഡൽ ജേതാക്കളെ തിരഞ്ഞെടുത്തത്. ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ സജു ബി, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരായ രാജേഷ് എ ആർ, വിതിൻ കുമാർ സി എസ്, റെജി വർഗീസ്, വിനീത് വി വി, അസിസ്റ്റന്റ് ഇൻസ്പെക്ടർമാരായ ജയകുമാർ കെ, സജിംഷാ ബി, രാമനാഥ് പി.എസ്, സജു പി ചന്ദ്രൻ, ലീജേഷ് വി എന്നിവരാണ് മെഡൽ ജേതാക്കൾ.

## വാഗ്മി 2024 : രജിസ്റ്റർ ചെയ്യാം

ഈ വർഷത്തെ ഭരണഘടനാ ദിനാഘോഷത്തിന്റെ ഭാഗമായി നിയമ വകുപ്പ് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലേയും സർക്കാർ പ്രൊഫഷണൽ കോളേജുകളിലെയും വിദ്യാർഥികൾക്കായി ഭരണഘടനയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആസ്പദമാക്കി വാഗ്മി2024 എന്ന പേരിൽ അഖില കേരള ഭരണഘടനാ പ്രസംഗമത്സരം സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ചെയ്യാനുള്ള അവസാന തീയതി ഒക്ടോബർ 15. വിശദവിവരങ്ങൾക്ക് : www.lawsect.kerala.gov.in, ഫോൺ: 04712517066.

## ബിഫാം പ്രവേശനം; കേന്ദ്രീകൃത വേക്കൻസി ഫില്ലിങ് അലോട്ട്മെന്റ്

2024ലെ ബി.ഫാം കോഴ്സിൽ സർക്കാർ/സ്വാശ്രയ കോളേജുകളിൽ നിലവിൽ ഒഴിവുള്ള സർക്കാർ സീറ്റുകളിലേക്ക് കേന്ദ്രീകൃത വേക്കൻസി ഫില്ലിങ് അലോട്ട്മെന്റിനായി ഓൺലൈൻ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം. 2024ലെ ബി.ഫാം കോഴ്സിലേക്ക് അപേക്ഷ സമർപ്പിച്ചവരും പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവരും ഒക്ടോബർ 5 ന് രാവിലെ 11 മണിക്ക് മുമ്പായി പ്രവേശന പരീക്ഷ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ ഓപ്ഷൻ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക് വെബസൈറ്റ് സന്ദർശിക്കുക. ഫോൺ: 04712525300.

## ഗസ്റ്റ് അധ്യാപക അഭിമുഖം

തിരുവനന്തപുരം ബാർട്ടൺഹിൽ സർക്കാർ എൻജിനിയറിങ് കോളേജിലെ മെക്കാനിക്കൽ എൻജിനിയറിങ് വിഭാഗത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ഗസ്റ്റ് അധ്യാപകരുടെ (അസിസ്റ്റന്റ് പ്രൊഫസർ) ഒഴിവിലേക്ക് അഭിമുഖം നടത്തുന്നു. മെക്കാനിക്കൽ എൻജിനിയറിങ് വിഭാഗത്തിൽ ബി.ഇ/ബി.ടെക് ബിരുദവും എം.ഇ/എം.ടെക് ബിരുദവും ഇവയിലേതെങ്കിലും ഒന്നിൽ ഒന്നാം ക്ലാസ് യോഗ്യതയുള്ളവർ പേര്, മേൽവിലാസം, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി ഒക്ടോബർ 9 ന് രാവിലെ 10 മണിക്ക് അഭിമുഖത്തിനായി കോളേജിൽ ഹാജരാകണം. വിശദവിവരങ്ങൾക്ക്: https://www.gecbh.ac.in. ഫോൺ: 04712300484.

## ചിത്രരചനാ മത്സര വിജയികൾക്ക് സ്പീക്കർ എ എൻ ഷംസീർ സമ്മാനങ്ങൾ നൽകി

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സ്കൂൾകുട്ടികൾക്കായി നടത്തിയ ചിത്രരചനാ മത്സരത്തിലെ വിജയികൾക്ക് നിയമസഭാ സ്പീക്കർ എ എൻ ഷംസീർ സമ്മാനങ്ങൾ നൽകി. 'മാലിന്യനിർമാർജനം ശീലമാക്കാം' എന്ന വിഷയത്തിലായിരുന്നു മത്സരം. ആഗസ്റ്റ് 18നു തിരുവനന്തപുരം എസ് എം വി സ്കൂളിൽ നടന്ന മത്സരത്തിൽ നൂറോളം കുട്ടികളാണ് പങ്കെടുത്തത്. ഇൻസ്റ്റിറ്റ്യൂട്ട്ഡയറക്ടർ പള്ളിയറ ശ്രീധരൻ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ജലജകുമാരി എസ്, ഫിനാൻസ് ഓഫീസർ സൂര്യനാരായണൻ എം ഡി, ഓഫീസ് മാനേജർ പ്രദീപ് കുമാർ ബി എസ്, അസിസ്റ്റന്റ് എഡിറ്റർ രാധികാദേവി ടി ആർ, എഡിറ്റോറിയൽ അസിസ്റ്റന്റ് അഞ്ജന സിജി എന്നിവർ സന്നിഹിതരായിരുന്നു.

## മിലിറ്ററി കോളേജ് യോഗ്യതാ പരീക്ഷക്ക് 10 വരെ അപേക്ഷിക്കാം

ഡെറാഡൂണിലെ ഇന്ത്യൻ മിലിറ്ററി കോളേജിലേക്ക് (RIMC) പ്രവേശനത്തിനുള്ള യോഗ്യതാ പരീക്ഷയുടെ അപേക്ഷകൾ ഒക്ടോബർ 10 വരെ അപേക്ഷിക്കാം. ആവശ്യമായ രേഖൾ സഹിതം സെക്രട്ടറി, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം12 എന്ന വിലാസത്തിൽ അയക്കണം.

## ദീപ്തി ബ്രെയിലി പദ്ധതിയുടെ പഠനോപകരണ വിതരണവും നവചന ചങ്ങാതി പദ്ധതി പരീക്ഷ ഫലപ്രഖ്യാപനവും

കേരളസർക്കാർ നാലാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി ദീപ്തിബ്രെയിൽ സാക്ഷരതാ പദ്ധതിയുടെ പഠനോപകരണ വിതരണോത്ഘാടനവും നവചേതന, ചങ്ങാതി പദ്ധതികളുടെ പരീക്ഷാഫല പ്രഖ്യാപനവും സംഘടിപ്പിക്കുന്നു. ഒക്ടോബർ 5 ന് പകൽ 12ന് കേരള സംസ്ഥാന അതോറിറ്റി അക്ഷരം ഹാളിൽ നടക്കുന്ന പരിപാടി ബഹു പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി ശ്രീ വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. ആന്റണി രാജു എംഎൽഎ അധ്യക്ഷനാകുന്ന പരിപാടിയിൽ തിരുവനന്തപുരം നഗരസഭ മേയർ ആര്യ രാജേന്ദ്രൻ എസ് വിശിഷ്ടാതിഥിയായിരിക്കും.

## ഓഫ്സെറ്റ് പ്രിന്റിങ് ടെക്നോളജി കോഴ്സിൽ സീറ്റൊഴിവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിങ്ങും സംയുക്തമായി തിരുവനന്തുപുരത്തുള്ള ട്രെയിനിങ് ഡിവിഷനിൽ ആരംഭിച്ച കേരള ഗവൺമെന്റ് അംഗീകാരമുള്ള ഒരു വർഷ സർട്ടിഫിക്കറ്റ് ഇൻ ഓഫ്സെറ്റ് പ്രിന്റിങ് ടെക്നോളജി കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു.

അപേക്ഷകൻ പ്ലസ് ടു / വി.എച്ച്.എസ്.ഇ / ഡിപ്ലോമ അഥവാ തത്തുല്യ യോഗ്യത പാസായിരിക്കണം. പട്ടികജാതി / പട്ടികവർഗ / മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് സൗജന്യമായിരിക്കും. പഠന കാലയളവിൽ സ്റ്റൈപ്പന്റും ലഭിക്കുന്നതാണ്. ഒബിസി / എസ്ഇബിസി / മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് സൗജന്യമായിരിക്കും.

കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സ്റ്റൈപ്പന്റോടുകൂടിയ അപ്രന്റിസ്ഷിപ്പ് ട്രെയിനിങ് സിആപ്റ്റ് മുഖേന ലഭ്യമാക്കും.

അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിങ് ആൻഡ് ട്രെയിനിങ്, ട്രെയിനിങ് ഡിവിഷൻ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024 എന്ന വിലാസത്തിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 04712474720, 04712467728. വെബ്സൈറ്റ്: www.captkerala.com.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി: ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ്

സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി (ഹോമിയോ) പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനത്തിനായി ഓൺലൈൻ സ്പെഷ്യൽ അലോട്ട്മെന്റ് ഒക്ടോബർ 11 ന് നടത്തും. ০০০.ഹയരെലഭ്യേല.സല്യമഹമ.ഴീ.ശി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ ഒക്ടോബർ 8 മുതൽ 10 വരെ ഓൺലൈനായി പുതുതായി കോളേജ് ഓപ്ഷനുകൾ സമർപ്പിക്കണം. മുൻപ് സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് ലഭിച്ച് കോളേജ് മാറ്റം ആവശ്യമുള്ളവരും പുതുതായി ഓപ്ഷനുകൾ സമർപ്പിക്കണം. അലോട്ട്മെന്റ് ലഭിക്കുന്നവർ ഫീസ് ഒടുക്കി അതത് കോളേജുകളിൽ ഒക്ടോബർ 14 നകം പ്രവേശനം നേടണം. കൂടുതൽ വിവരങ്ങൾക്ക്: 04712560363, 64.

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ്

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം തിരുവനന്തപുരത്തുള്ള ഒരു സ്വകാര്യ സ്ഥാപനവുമായി സംയോജിച്ച് പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് വേണ്ടി ഒക്ടോബർ 15 ന് സൗജന്യ പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നു.

താൽപര്യമുള്ള ഉദ്യോഗാർഥികൾ ഒക്ടോബർ 14 ന് ഉച്ചയ്ക്ക് ഒരു മണിക്ക് മുൻപായി https://forms.gle/HNdEeQxAZkwXQuxN9 ഗൂഗിൾ ലിങ്കിൽ രജിസ്റ്റർ ചെയ്യണം. ലിങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികൾ ബയോഡാറ്റയും അവരവരുടെ വിദ്യാഭ്യാസയോഗ്യത, ജാതി, വയസ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം 15ന് രാവിലെ 10 മണിക്ക് ദേശീയ തൊഴിൽ സേവന കേന്ദ്രത്തിൽ ഇന്റർവ്യൂവിന് നേരിട്ട് ഹാജരാകണം.

ഒഴിവ് സംബന്ധിച്ച വിവരങ്ങൾക്ക് സ്ഥാപനത്തിന്റെ ഫേസ്ബുക്ക് പേജ് സന്ദർശിക്കുക. വിശദവിവരങ്ങൾക്ക് ഫോൺ: 04712332113, 8304009409.



മേപ്പാടി, വിലങ്ങാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ അനുശോചന പ്രസംഗം നടത്തുന്നു



വന്യജീവി വാരാഘോഷങ്ങളുടെ ഉദ്ഘാടനം മന്ത്രി ജെ ചിഞ്ചുറാണി നിർവഹിക്കുന്നു



സൂപ്പർ ലീഗ് കേരള ടൂർണമെൻറിൽ തിരുവനന്തപുരം കൊമ്പൻസുമായി ഞായറാഴ്ച ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടക്കുന്ന ആറാം റൗണ്ട് മത്സരത്തിനായി കാലിക്കറ്റ് എഫ്സി ടീം തിരുവനന്തപുരത്ത് എത്തി. നേരത്തെ സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ ടീമംഗങ്ങൾക്ക് സ്വീകരണം നൽകി.

# മൃഗങ്ങളുടെ ആവാസവ്യവസ്ഥയിലേക്ക് മനുഷ്യൻ കടന്നു കയറരുത്: മന്ത്രി ജെ.ചിഞ്ചുറാണി

## * വന്യജീവി വാരോഘോഷം മന്ത്രി ഉദ്ഘാടനം ചെയ്തു

മനുഷ്യൻ മറ്റ് ആവാസ വ്യവസ്ഥകളിലേക്ക് കടന്നു കയറരുതെന്നും വനവും വന്യജീവികളും പ്രകൃതിയുടെ ഭാഗമാണെന്ന ചിന്ത നിലനിർത്തണമെന്നും മൃഗ സംരക്ഷണ, മൃഗശാല വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി അഭിപ്രായപ്പെട്ടു. തിരുവനന്തപുരം മ്യൂസിയം കോമ്പൗണ്ടിൽ നടന്ന ചടങ്ങിൽ വന്യജീവി വാരാഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. 1952 മുതൽ ഇന്ത്യയിലെമ്പാടും വന്യജീവി വാരാഘോഷം സംഘടിപ്പിച്ചു വരുന്നു. വനം, വന്യജീവി സംരക്ഷണത്തിനെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനാണ് ഒക്ടോബർ 2 മുതൽ 8 വരെ ഒരാഴ്ചക്കാലം നീണ്ടു നിൽക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നത്. മനുഷ്യ സമൂഹത്തിന്റെ അനിയന്ത്രിതമായ ഇടപെടലുകൾ കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്നു. ചൂരൽ മലയിലടക്കമുണ്ടായ ദുരന്തങ്ങൾ ഇതിന്റെ ഉദാഹരണങ്ങളാണ്. സഹവർത്തിത്വത്തിൽ നിന്ന് വന്യജീവി സംരക്ഷണം എന്ന ആശയം ഉയർത്തിയാണ് മ്യൂസിയം, മൃഗശാല വകുപ്പ് വാരാചരണം സംഘടിപ്പിക്കുന്നത്. ഒരു വിനോദ സഞ്ചാര കേന്ദ്രമെന്നതിലുപരി മൃഗങ്ങളുടെ തനതായ ആവാസ വ്യവസ്ഥ ഉറപ്പുവരുത്താൻ മൃഗശാല ശ്രമിക്കുന്നുണ്ട്. നിലവിലെ മൃഗങ്ങളെ കൂടാതെ ജിറാഫടക്കമുള്ളവയെ മൃഗശാലയിലേക്കെത്തിക്കാനുള്ള പരിപാടികളുമായി വകുപ്പ് മുന്നോട്ട് പോകുന്നു. ഹനുമാൻ കുരങ്ങ് ചാടിപ്പോയ സാഹചര്യത്തിൽ മാതൃകാപരമായ പ്രവർത്തനത്തിലൂടെ അവയെ തിരികെയെത്തിച്ച മൃഗശാല ജീവനക്കാരെ മന്ത്രി അഭിനന്ദിച്ചു.

കാലാവസ്ഥ വ്യതിയാനത്തെ തുടർന്ന് വനത്തിനുള്ളിൽ വെള്ളം അടക്കമുള്ള വിഭവങ്ങൾ കുറയുകയും വന്യജീവികൾ നാട്ടിലേക്കെത്തുകയും ചെയ്യുന്ന സാഹചര്യവും നിലവിലുണ്ട്. പ്രകൃതി സൗഹൃദമായ പ്രവർത്തനങ്ങളിലൂടെ ജലലഭ്യത വനത്തിനുള്ളിൽ ഉറപ്പാക്കാൻ സർക്കാർ ശ്രമിക്കുകയാണ്. ഇതിന് പൊതു സമൂഹത്തിന്റെയാകെ പിൻതുണ ആവശ്യമാണ്. വന്യജീവിവാരാഘോഷത്തിന്റെ ഭാഗമായി നടത്തുന്ന വിവിധ മത്സരങ്ങൾ പുതുതലമുറക്ക് വനം, വന്യ ജീവി സംരക്ഷണത്തിന്റെ നല്ലപാഠങ്ങൾ പകർന്നു നൽകുമെന്നും മന്ത്രി പറഞ്ഞു.

ബയോഡൈവേഴ്സറി ക്ലബ്ബിന്റെ ലോഗോ പ്രകാശനം നിർവഹിച്ച മന്ത്രി ക്ലബ്ബ് വോളണ്ടിയന്മാർ, മെന്റർമാർ, ഹനുമാൻ കുരങ്ങിനെ തിരിച്ചെത്തിച്ച ജീവനക്കാർ എന്നിവരെ ആദരിച്ചു.

വി. കെ പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിച്ച ചടങ്ങിൽ മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ ഇൻ ചാർജ് വി.എസ് മഞ്ജുളാദേവി സ്വാഗമാശംസിച്ചു. ഡബ്ല്യൂ.ഡബ്ല്യൂ.എഫ് സ്റ്റേറ്റ് ഡയറക്ടർ രഞ്ജൻ മാത്യു, പ്രകൃതി സംരക്ഷണ ഫോട്ടോഗ്രാഫർ ബാലൻ മാധവൻ, പി.വി വിജയലക്ഷ്മി, വി. രാജേഷ് എന്നിവർ സംബന്ധിച്ചു.

# 'ആംനസ്റ്റി പദ്ധതി 2024' പുതുക്കിയ നിരക്കുകൾ നിലവിൽ വന്നു

ജി.എസ്.ടി നിലവിൽ വരുന്നതിന് മുൻപുണ്ടായിരുന്ന നികുതി നിയമങ്ങൾ പ്രകാരമുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 2024 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച സമഗ്ര കുടിശ്ശിക നിവാരണ പദ്ധതിയാണ് ആംനസ്റ്റി പദ്ധതി 2024.

കേരള മൂല്യ വർധിത നികുതി നിയമം, കേരള പൊതുവില്പന നികുതി നിയമം, കേരള നികുതിയിന്മേലുള്ള സർചാർജ് നിയമം, കേരള കാർഷിക ആദായ നികുതി നിയമം, കേരള ആഡംബര നികുതി നിയമം, കേന്ദ്ര വില്പന നികുതി നിയമം എന്നീ മുൻകാല നിയമങ്ങളോടനുബന്ധിച്ചുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള അവസരമാണ് ഈ പദ്ധതിയിലൂടെ ലഭ്യമായിരിക്കുന്നത്. ഈ പദ്ധതി 2024 ഓഗസ്റ്റ് 1 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പദ്ധതി അനുസരിച്ചുള്ള പൂർണ്ണമായ ആനുകൂല്യം ലഭിക്കുന്നതിനുള്ള കാലപരിധി സെപ്റ്റംബർ 29 നു അവസാനിച്ചു. ആംനസ്റ്റി പദ്ധതി പ്രകാരം 2024 സെപ്റ്റംബർ 30 മുതൽ ലഭ്യമാകുന്ന പുതുക്കിയ ആനുകൂല്യങ്ങൾ സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ നമ്പർ 873/2024 തീയതി 28/09/2024 പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്. പുതുക്കിയ ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

അൻപതിനായിരം രൂപ വരെയുള്ള നികുതി കുടിശ്ശികകളെ അവയുടെ പിഴയും പലിശയുമടക്കം പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.

2024 സെപ്റ്റംബർ 30 മുതൽ 2024 ഒക്ടോബർ 31 വരെ ആംനസ്റ്റി പദ്ധതി പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കുന്നവർക്ക് അൻപതിനായിരം രൂപയ്ക്ക് മുകളിൽ പത്തു ലക്ഷം രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾക്ക് നികുതി തുകയുടെ 32 ശതമാനം ഒടുക്കി തീർപ്പാക്കാവുന്നതാണ്. പത്തുലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെ നികുതി തുകയുള്ള കുടിശ്ശികകൾ താഴെ പറയുന്ന രണ്ട് വിധങ്ങളിൽ തീർപ്പാക്കാവുന്നതാണ്. അപ്പീലിലുള്ള (നിയമ വ്യവഹാരത്തിലുള്ള) കുടിശ്ശികകൾക്ക് നികുതി തുകയുടെ 42 ശതമാനവും അപ്പീലിൽ ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾ നികുതി തുകയുടെ 52 ശതമാനവും.

ഒരു കോടി രൂപയിൽ അധികം നികുതി തുകയുള്ള കുടിശ്ശികകൾ താഴെ പറയുന്ന രണ്ട് വിധങ്ങളിൽ തീർപ്പാക്കാവുന്നതാണ്. അപ്പീലിലുള്ള കുടിശ്ശികകൾ (നിയമ വ്യവഹാരത്തിലുള്ള) നികുതി തുകയുടെ 72 ശതമാനവും അപ്പീലിൽ ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾ നികുതി തുകയുടെ 82 ശതമാനവും.

ഫിനാൻസ് ആക്ടിലെ വകുപ്പ് 9 (3) അനുസരിച്ചുള്ള അപേക്ഷയിന്മേൽ മോഡിഫൈഡ് ഉത്തരവുകൾ പുറപ്പെടുവിച്ചു 60 മുതൽ 120 ദിവസത്തിനകം പേയ്മെന്റ് നടത്തുന്നവർക്കും വകുപ്പ് 10 (2) അനുസരിച്ച് ഷോർട്ട് നോട്ടീസ് ലഭിച്ച് 60 മുതൽ 120 ദിവസത്തിനകം പേയ്മെന്റ് നടത്തുന്നവർക്കും മേൽ നിരക്കുകൾ ബാധകമാണ്.

2024 നവംബർ 1 മുതൽ 2024 നവംബർ 30 വരെ ആംനസ്റ്റി പദ്ധതി പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കുന്നവർക്കും ഷോർട്ട് നോട്ടീസ് ലഭിച്ച് 120 മുതൽ 180 ദിവസത്തിനകം പേയ്മെന്റ് നടത്തുന്നവർക്കും മേൽപറഞ്ഞ നിരക്കുകളിൽ നിന്നും 2 ശതമാനം വർദ്ധനവ് ഉണ്ടാകുന്നതാണ്. കൂടാതെ, 2024 ഡിസംബർ 1 മുതൽ 2024 ഡിസംബർ 31 വരെ ആംനസ്റ്റി പദ്ധതി പ്രകാരം പുതിയ അപേക്ഷ സമർപ്പിക്കുന്നവർക്കും ഷോർട്ട് നോട്ടീസ് ലഭിച്ച് 180 ദിവസത്തിന് ശേഷം പേയ്മെന്റ് നടത്തുന്നവർക്കും മേൽപറഞ്ഞ നിരക്കുകളിൽ വീണ്ടും 2 ശതമാനം വർദ്ധനവ് ഉണ്ടാകുന്നതാണ്.

പദ്ധതിയിൽ ചേരുന്നതിനുള്ള അവസാന തീയതി 2024 ഡിസംബർ 31 ആയിരിക്കും. പദ്ധതി പ്രകാരം ബാധകമാകുന്ന നിരക്കിലുള്ള തുക ഇട്രഷറി പോർട്ടലായ www.tereasury.kerala.gov.in എന്ന വെബ്സൈറ്റ് വഴി അടച്ചതിനു ശേഷം അപ്രകാരം അടച്ചതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ വകുപ്പിന്റെ വെബ് സൈറ്റായ www.keralataxes.gov.in വഴി സമർപ്പിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ടുള്ള കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ചരക്കു സേവന നികുതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralataxes.gov.in സന്ദർശിക്കുക അല്ലെങ്കിൽ സർക്കാർ വിജ്ഞാപനം എസ്.ആർ.ഒ നമ്പർ 873/2024 തീയതി 28/09/2024 കാണുക.

# ന്യൂജൻ കോഴ്സ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന സർക്കാർ നേമം നിയോജകമണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്ന ചാല ഗവ. ഐ.ടി.ഐയിൽ ന്യൂജെനറേഷൻ കോഴ്സുകളായ മൾട്ടിമീഡിയ അനിമേഷൻ ആൻഡ് സ്പെഷ്യൽ എഫക്ട്, അഡിറ്റീവ് മാനുഫാക്ചറിങ് ടെക്നീഷ്യൻ (3ഉ പ്രിന്റിങ്) എന്നിവയ്ക്ക് അപേക്ഷ ക്ഷണിച്ചു. ഒരു വർഷം ദൈർഘ്യമുള്ള പ്രസ്തുത കോഴ്സുകളുടെ അപേക്ഷാ ഫോം കിള്ളിപ്പാലം ജംഗ്ഷനു സമീപമുള്ള ചാല സ്കൂളിൽ പ്രവർത്തനം ആരംഭിച്ച ചാല ഐ.ടി.ഐയുടെ താത്കാലിക ഓഫീസിൽ നിന്നോ ഗവ.ഐ.ടി.ഐ ചാക്കയിൽ നിന്നോ സൗജന്യമായി വാങ്ങാം. പൂരിപ്പിച്ച അപേക്ഷാ ഫോമുകൾ ഓഫ് ലൈനായി സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 17 വൈകുന്നേരം 5 മണി. അപേക്ഷാ ഫീസ് 100 രൂപ.

# അങ്കണവാടി ജീവനക്കാരെ സസ്പെൻഡ് ചെയ്തു

കണ്ണൂരിൽ അങ്കണവാടിയിൽ മൂന്നര വയസുകാരൻ വീണ് പരിക്കേറ്റ സംഭവത്തിൽ അങ്കണവാടി വർക്കറേയും ഹെൽപ്പറേയും അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്തു. സംഭവം ശ്രദ്ധയിൽപ്പെട്ടയുടനെ ആരോഗ്യ, വനിത ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് അടിയന്തര അന്വേഷണം നടത്തി റിപ്പോർട്ട് നൽകാൻ വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു.

രക്ഷിതാക്കളേയും മേലധികാരികളേയും സംഭവം അറിയിക്കുന്നതിൽ വീഴ്ച വരുത്തിയെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് നടപടി. കുട്ടിയ്ക്ക് വിദഗ്ധ ചികിത്സ ഉറപ്പാക്കാൻ മന്ത്രി നിർദേശം നൽകി.

# 40 മീഡിയേറ്റർമാരെ നിയമിച്ചു

സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ സ്ഥാപിതമായിട്ടുള്ള മീഡിയേഷൻ സെല്ലിലേക്ക് 40 മീഡിയേറ്റർമാരെ നിയമിച്ച് ഉത്തരവായി. മീഡിയേറ്റർമാരുടെ സേവനം ഉപയോഗിച്ച് ഇതര തർക്ക പരിഹാര സംവിധാനത്തിലൂടെ സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ കേസുകൾ വേഗത്തിൽ തീർപ്പാക്കാനാകുമെന്ന് കമ്മീഷൻ അറിയിച്ചു.

# എസ്.എ.ടിയിലെ വൈദ്യുതി തടസം : ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ സെപ്റ്റംബർ 29 ന് രാത്രിയിൽ ദീർഘനേരം വൈദ്യുതി തടസം ഉണ്ടായ സംഭവത്തിൽ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം അസി. എക്സിക്യൂട്ടീവ് എൻജിനിയർ ഡി.എസ്.ശ്യാംകുമാറിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്ത് ഉത്തരവായി.

ഔദ്യോഗിക കൃത്യനിർവഹണത്തിൽ മനപൂർവമായ വീഴ്ചയുണ്ടായെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി. വീഴ്ച സംബന്ധിച്ച് വിശദ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ പൊതുമരാമത്ത് കെട്ടിടം വിഭാഗം ചീഫ് എൻജിനിയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

# ക്ഷേമനിധി കുടിശിക

കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് കുടിശ്ശിക ഒടുക്കാനുള്ള കാലാവധി 2024 ഡിസംബർ 31 വരെ നീട്ടി. ഈ അവസരം എല്ലാ തൊഴിലാളികളും പ്രയോജനപ്പെടുത്തണമെന്ന് ചെയർമാൻ അറിയിച്ചു.

# അനിമേഷൻ, വി.എഫ്.എക്സ് കോഴ്സുകൾ

കെൽട്രോണിന്റെ വഴുതക്കാടുള്ള നോളജ്സെന്ററിൽ ആരംഭിക്കുന്ന പ്ലേസ്മെന്റ് സപ്പോർട്ടോടു കൂടിയ തൊഴിലധിഷ്ഠിത അനിമേഷൻ, വി.എഫ്.എക്സ് കോഴ്സുകളിലേക്കുള്ള അപേക്ഷ ക്ഷണിച്ചു.കേരള സർക്കാർ അംഗീകൃത കോഴ്സായ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഗ്രാഫിക്സ്, വെബ് ആൻഡ് ഡിജിറ്റൽ ഫിലിം മേക്കിങ് (ഒരു വർഷം), ഡിപ്ലോമ ഇൻ ഡിജിറ്റൽ ഫിലിം മേക്കിങ് (6 മാസം), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഗ്രാഫിക്സ് ആൻഡ് വിഷ്വൽ ഇഫക്ട് (മൂന്നു മാസം) എന്നിവയാണ് കോഴ്സുകൾ. എസ്.എസ്.എൽ.സിയാണ് വിദ്യാഭ്യാസ യോഗ്യത.വിശദവിവരങ്ങൾക്ക് 0471 2325154, 8590605260 എന്നീ ഫോൺ നമ്പറുകളിലോ, ഹെഡ് ഓഫ് സെന്റർ, കെൽട്രോൺ നോളജ് സെന്റർ, രണ്ടാം നില, ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറി വിമൻസ് കോളജ് റോഡ്, വഴുതക്കാട് പി.ഒ., തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുക.



ഇന്ത്യൻ ഓപ്പൺ നാഷണൽ അണ്ടർ - 23 അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് ലോങ് ജംപിൽ മീറ്റ് റെക്കോഡോടെ സ്വർണം നേടിയ സി.വി. അനുരാഗിന് കായികമന്ത്രി വി. അബ്ദുറഹിമാൻ പുരസ്കാരം സമ്മാനിക്കുന്നു

# മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽനിന്നു പടിയിറങ്ങി കേജരിവാൾ

ന്യൂഡൽഹി: മുഖ്യമന്ത്രി സ്ഥാനം ഒഴിഞ്ഞതിനു പിന്നാലെ ഔദ്യോഗിക വസതിയിൽ നിന്ന് പടിയിറങ്ങി ആംആദ്മി പാർട്ടി നേതാവ് അരവിന്ദ് കേജരിവാൾ. നോർത്ത് ഡൽഹിയിലെ 6 ഫ്ലാഗ് സ്റ്റാഫ് റോഡിലെ വസതിയിൽ നിന്നാണ് കേജരിവാൾ പടിയിറങ്ങുന്നത്.

ഡൽഹി മുഖ്യമന്ത്രിയായി സ്ഥാനമേറ്റ ശേഷം 2015 മുതൽ കേജരിവാൾ ഇവിടെയാണ് താമസിച്ചിരുന്നത്. പ്രായമായ മാതാപിതാക്കൾക്കും കുടുംബത്തിനൊപ്പം പാർട്ടി ആസ്ഥാനത്തിനടുത്തുള്ള ബംഗളാവിലേക്കായിരിക്കും കേജരിവാൾ താമസം മാറുക.അതേസമയം കൽക്കാജി മണ്ഡലത്തിലെ വീട്ടിൽ ആണ് മുഖ്യമന്ത്രിയായതിനു ശേഷവും അതിഷി താമസിക്കുന്നത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# നെക്സ്റ്റ്ജനിക്സ് സൊല്യൂഷൻസ് ടെക്നോപാർക്കിൽ ഓഫീസ് തുറന്നു

തിരുവനന്തപുരം: വെബ് ഡെവലപ്മെൻറ്, ഇൻറർഫേസ് ഡിസൈനിംഗ് തുടങ്ങിയ മേഖലകളിൽ സേവനം ലഭ്യമാക്കുന്ന പ്രമുഖ യുഐ/യുഎക്സ് ഡിസൈനർ കമ്പനിയായ നെക്സ്റ്റ് ജനിക്സ് സൊല്യൂഷൻസിന് ടെക്നോപാർക്കിൽ പുതിയ ഓഫീസ്.

നെക്സ്റ്റ് ജനിക്സ് സൊല്യൂഷൻസിൻറെ പുതിയ ഓഫീസ് ടെക്നോപാർക്ക് സിഇഒ കേണൽ (റിട്ട) സഞ്ജീവ് നായർ ഉദ്ഘാടനം ചെയ്തു. ടെക്നോപാർക്ക് ഫേസ്1 ൽ എസ്ടിപിഐ ബിൽഡിംഗിൻറെ ആറാം നിലയിലാണ് കമ്പനിയുടെ പുതിയ ഓഫീസ്.

വെബ്ഫ്ളോ പാർട്ണർ സർട്ടിഫിക്കേഷൻ നേടുന്ന കേരളത്തിൽ നിന്നുള്ള ആദ്യത്തെ കമ്പനിയാണ് നെക്സ്റ്റ് ജനിക്സ് സൊല്യൂഷൻസെന്നും അതിൽ അഭിമാനമുണ്ടെന്നും നെക്സ്റ്റ്ജനിക്സ് സൊല്യൂഷൻസ് സിഇഒ സാജൻ എസ്. നന്ദൻ പറഞ്ഞു. യു.എസ് വിപണി ലക്ഷ്യമിട്ട് രൂപകല്പന ചെയ്ത ഓൾഇൻവൺ വെബ്ഫ്ലോ ഡെവലപ്മെൻറ് സൊല്യൂഷനായ വെബവൈസ് ആരംഭിക്കാനൊരുങ്ങുകയാണ്.

യു.എസ്, യു.കെ, ജർമ്മനി എന്നിവിടങ്ങളിലെ ഉപഭോക്താക്കൾക്കായി മികച്ച ഡിസൈൻ സൊല്യൂഷനുകൾ നല്കാനാകുന്നത് കമ്പനിയുടെ മുന്നോട്ടുള്ള യാത്രയ്ക്ക് പ്രചോദനമാണ്. നാലാം വർഷത്തിലേക്ക് കടക്കുന്ന കമ്പനിയുടെ വളർച്ചയിൽ അഭിമാനമുണ്ട്. തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ഡിസൈൻ അക്കാദമി ആരംഭിക്കാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ടെക്നോപാർക്കിലെ എസ്ടിപിഐ ബിൽഡിംഗിൽ നെക്സ്റ്റ്ജനിക്സിൻറെ ഓഫീസ് തുറന്നതിൽ സന്തോഷമുണ്ടെന്ന് ടെക്നോപാർക്ക് സിഇഒ കേണൽ (റിട്ട) സഞ്ജീവ് നായർ പറഞ്ഞു. എസ്ടിപിഐ ബിൽഡിംഗിൽ അതിനായി നൽകിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ മികച്ചതും ലോകോത്തരവുമാണ്.

ഭാവിയിൽ ടെക്നോപാർക്ക് ആവാസവ്യവസ്ഥയുടെ അവിഭാജ്യ ഘടകമായി മാറാൻ നെക്സ്റ്റ്ജനിക്സ് പോലുള്ള പുതിയ കാലത്തെ സ്റ്റാർട്ടപ്പുകൾക്ക് സാധിക്കും. അവരുടെ വളർച്ചയ്ക്കാവശ്യമായ പ്രോത്സാഹനവും പിന്തുണയും ടെക്നോപാർക്കിൽ ലഭ്യമാകും. നെക്സ്റ്റ്ജനിക്സിന് പുതിയ ഉയരങ്ങളിലേക്കെത്താൻ സാധിക്കട്ടെയെന്നും കേണൽ (റിട്ട) സഞ്ജീവ് നായർ ആശംസിച്ചു.

നെക്സ്റ്റ്ജനിക്സിന് ആശംസകൾ നേരുന്നതായി എസ്ടിപിഐ ഡയറക്ടർ ഗണേശ് നായക് കൊണ്ടാടി പറഞ്ഞു. ടെക്നോപാർക്കിലെ എസ്ടിപിഐ വർക്ക്സ്പെയ്സിൽ നെക്സ്റ്റ്ജനിക്സിന് അഭിവൃദ്ധി പ്രാപിക്കാനാകും. ശ്രദ്ധേയമായ നാഴികക്കല്ലുകൾ കൈവരിക്കാനും മികച്ച ഭാവി രൂപപ്പെടുത്താനും നെക്സ്റ്റ്ജനിക്സിന് കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നെക്സ്റ്റ്ജനിക്സ് സൊല്യൂഷൻസ് ആധുനിക കാലത്തിന് ആവശ്യമായ ഡിജിറ്റൽ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുന്ന അത്യാധുനിക യുഐ/യുഎക്സ് ഡിസൈൻ സ്റ്റുഡിയോയാണ് നെക്സ്റ്റ്ജനിക്സ് സൊല്യൂഷൻസ്. 2021ൽ സ്ഥാപിതമായ ഈ കമ്പനി വിവിധ ബ്രാൻഡുകളേയും ബിസിനസുകളേയും ശാക്തീകരിക്കുന്നതിനായി നൂതനവും ഉപയോക്തൃ കേന്ദ്രീകൃതവുമായ ഡിജിറ്റൽ പരിഹാരങ്ങൾ നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

യുഐ/യുഎക്സ് ഡിസൈൻ, വെബ് ഡെവലപ്മെൻറ് എന്നിവയ്ക്ക് പുറമെ പ്രൊഡക്റ്റ് മാർക്കറ്റിംഗ്, ബ്രാൻഡ് സ്ട്രാറ്റജി എന്നിവയിലും നെക്സ്റ്റ് ജനിക്സ് സൊല്യൂഷൻസിന് വൈദഗ്ധ്യമുണ്ട്. പരിചയസമ്പന്നരായ പ്രൊഫഷണലുകൾക്ക് പുറമെ ഡിസൈനുകൾ രൂപപ്പെടുത്തുന്നതിന് ഏറ്റവും പുതിയ ഉപകരണങ്ങളും സാങ്കേതികവിദ്യകളും നെക്സ്റ്റ്ജനിക്സ് സൊല്യൂഷൻസ് പ്രയോജനപ്പെടുത്തുന്നുണ്ട്. സ്റ്റാർട്ടപ്പുകൾ മുതൽ വൻ വ്യവസായസംരംഭങ്ങൾളുടെ വരെ വിപണി ആവശ്യങ്ങൾ നിറവേറ്റുന്ന മികച്ച ഡിജിറ്റൽ സൊല്യൂഷനുകൾ നൽകുന്ന ഇന്ത്യയിലെ തന്നെ പ്രമുഖ സ്ഥാപനങ്ങളിലൊന്നാണിതെന്നതും ശ്രദ്ധേയം.

ടെക്നോപാർക്ക് കസ്റ്റമർ റിലേഷൻഷിപ്പ് എജിഎം വസന്ത് വരദ, സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇന്ത്യ ഡയറക്ടർ ഗണേഷ് നായക്, ടെക്നോപാർക്ക് പി ആർ ഒ ഹരിത എന്നിവർക്കൊപ്പം നെക്സ്റ്റ്ജനിക്സ് സൊല്യൂഷൻസിലെ ജീവനക്കാരും പങ്കെടുത്തു.



*നെക്സ്റ്റ്ജനിക്സ് സൊല്യൂഷൻസിൻറെ ടെക്നോപാർക്കിലെ പുതിയ ഓഫീസ് ടെക്നോപാർക്ക് സിഇഒ കേണൽ (റിട്ട) സഞ്ജീവ് നായർ ഉദ്ഘാടനം ചെയ്യുന്നു. നെക്സ്റ്റ്ജനിക്സ് സൊല്യൂഷൻസ് സിഇഒ സാജൻ എസ്. നന്ദൻ സമീപം.*

# പിടിവിട്ടു കുതിച്ച് സ്വർണവില; 57,000 രൂപയിലേക്ക്

കൊച്ചി: സംസ്ഥാനത്ത് പുതിയ ഉയരങ്ങൾ കീഴടങ്ങി സ്വർണവില മുന്നേറുന്നു. ഇന്ന് പവന് 80 രൂപയും ഗ്രാമിന് 10 രൂപയുമാണ് കൂടിയത്. ഇതോടെ സ്വർണവില പവന് 56,960 രൂപയിലും ഗ്രാമിന് 7,120 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. ഒരു ഗ്രാം 18 കാരറ്റ് സ്വർണത്തിന് അഞ്ചുരൂപ ഉയർന്ന് 5,885 രൂപയിലെത്തി.

തുടർച്ചയായ മൂന്നാം ദിനമാണ് സ്വർണവില ഉയരുന്നത്. വ്യാഴാഴ്ചയും പവന് 80 രൂപയും ഗ്രാമിന് പത്തുരൂപയും ഉയർന്നിരുന്നു. ബുധനാഴ്ച സ്വർണവില 400 രൂപ വർധിച്ചിരുന്നു. മൂന്ന് ദിവസം കൊണ്ട് 560 രൂപയാണ് സ്വർണത്തിനു വർധിച്ചത്. 57,000 രൂപയെന്ന നാഴികക്കല്ലിലേക്ക് പവൻ വില ഇനി 40 രൂപ മാത്രം അകലെയാണ്.

കഴിഞ്ഞ വെള്ളിയാഴ്ച ഗ്രാമിന് 7,100 രൂപയും പവന് 56,800 രൂപയിലുമായി സർവകാല റിക്കാർഡിലായിരുന്ന സ്വർണവില പിന്നീട് 400 രൂപയോളം കുറഞ്ഞെങ്കിലും വീണ്ടും കുതിപ്പിന്റെ പാതയിലാണ്. സെപ്റ്റംബർ 27നും ബുധനാഴ്ചയും രേഖപ്പെടുത്തിയ ഗ്രാമിന് 7,100 രൂപയും പവന് 56,800 രൂപയും എന്ന റിക്കാർഡാണ് പഴങ്കഥയായത്.

മേയിൽ രേഖപ്പെടുത്തിയ പവന് 55,120 എന്ന റിക്കാർഡ് തിരുത്തിയാണ് കഴിഞ്ഞ ദിവസം സ്വർണവില പുതിയ ഉയരം കുറിച്ചത്. സെപ്റ്റംബർ ഒന്നിന് 53,560 രൂപയായിരുന്നു വില. തുടർന്നുള്ള മൂന്ന് ദിവസങ്ങളിൽ ഈ മാസത്തെ ഏറ്റവും താഴ്ന്ന വിലയായ 53,360 രൂപയിലാണ് സ്വർണമെത്തിയത്. പടിപടി ഉയർന്ന സ്വർണവില സെപ്റ്റംബർ 16നാണ് വീണ്ടും 55,000 കടന്നത്.

ആഗോളവിപണിയുടെ ചുവടുപിടിച്ചാണ് സ്വർണവില റിക്കാർഡുകൾ ഭേദിച്ച് മുന്നേറുന്നത്. ഔൺസിന് 2,654 ഡോളറായിരുന്ന രാജ്യാന്തര സ്വർണവില ഇപ്പോൾ 2,664 ഡോളറിലേക്ക് തിരിച്ചുകയറി.

അതേസമയം, വെള്ളിയുടെ വിലയും ഉയർന്നിട്ടുണ്ട്. രണ്ട് രൂപ ഉയർന്ന് ഒരു ഗ്രാം വെള്ളിയുടെ വില 100 രൂപയായി.

## കേസെടുക്കട്ടെ; തന്റെ പോരാട്ടത്തിന് പ്രബലനായ നേതാവിന്റെ പിന്തുണയുണ്ടെന്ന് അൻവർ

തിരുവനന്തപുരം: തനിക്കെതിരെ കേസെടുക്കട്ടെയെന്നും കേസുകളെ രാഷ്ട്രീയമായും നിയമപരമായും നേരിടുമെന്നും പി.വി. അൻവർ എംഎൽഎ. പി. ശശിയുടെ വക്കീൽ നോട്ടീസിനെ നേരിടും. തന്റെ പോരാട്ടത്തിന് കണ്ണൂരിലെ പ്രബലനായ നേതാവിന്റെ പിന്തുണയുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഫോൺ ചോർത്തുന്നതിൽ കേസില്ല. അത് പറഞ്ഞതിനാണ് കേസ്. ഇതെന്ത് നീതിയാണ്. നമുക്ക് കാണാമെന്നും അൻവർ കൂട്ടിച്ചേർത്തു.


*അന്തരിച്ച പ്രശസ്ത നടൻ മോഹൻ രാജ് (കീരിക്കാടൻ ജോസ്) ന് കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമി ചെയർമാൻ പ്രേംകുമാർ ആദരാഞ്ജലി അർപ്പിച്ചു. സെക്രട്ടറി സി. അജോയ് സമീപം.സാംസ്കാരിക മന്ത്രിക്ക് വേണ്ടി ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ് , ക്ഷേമനിധി ബോർഡിന് വേണ്ടി ചെയർമാൻ മധുപാൽ എന്നിവർ  പുഷ്പചക്രം അർപ്പിച്ചു*

## കുപ്രസിദ്ധ മയക്കുമരുന്ന് കടത്തുകാരൻ മൂർഖൻ ഷാജി പിടിയിൽ

തിരുവനന്തപുരം: കുപ്രസിദ്ധ മയക്കുമരുന്ന് കടത്തുകാരൻ മൂർഖൻ ഷാജി പിടിയിൽ. തമിഴ്നാട്ടിൽ നിന്ന് എക്സൈസ് കമ്മീഷണറുടെ സ്പെഷൽ സ്ക്വാഡാണ് പ്രതിയെ പിടികൂടിയത്.രാജ്യാന്തര മയക്കുമരുന്ന് ശൃഖലയിൽ പെട്ടയാളാണ് മൂർഖൻ ഷാജി. നേരത്തെ കോടികളുടെ ലഹരിമരുന്ന് കടത്തുക്കേസിൽ എക്സൈസ് ഇയാളെ പിടികൂടുകയും പിന്നീട് ജാമ്യം ലഭിച്ച് പുറത്തിറങ്ങുകയുമായിരുന്നു. ജാമ്യത്തിലിറങ്ങിയ ഇയാൾ ഒളിവിൽ പോവുകയായിരുന്നു.

വൻതോതിൽ ലഹരി കടത്തിയ നാല് കേസുകളാണ് സംസ്ഥാനത്ത് ഇയാൾക്കെതിരെ നിലവിലുള്ളത്. തൂത്തുക്കുടി വഴി ലഹരി കടത്തിയതുമായി ബന്ധപ്പെട്ട് നാർക്കോട്ടിക് ബ്യൂറോയുടെ അടക്കം അന്വേഷണം നടന്നുകൊണ്ടിരിക്കെയാണ് മൂർഖൻ ഷാജി പിടിയിലാകുന്നത്.

## എൽഡിഎഫിന്റെ അവിശ്വാസത്തെ പിന്തുണച്ച് ബിജെപി; യുഡിഎഫിന് ഭരണം നഷ്ടമായി

തിരുവനന്തപുരം: എൽഡിഎഫ് കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തെ ബിജെപി പിന്തുണച്ചതോടെ വെമ്പായം പഞ്ചായത്ത് ഭരണം യുഡിഎഫിനു നഷ്ടമായി. പഞ്ചായത്തിലെ പ്രസിഡൻറിനും വൈസ് പ്രസിഡൻറിനുമെതിരെയാണ് അവിശ്വാസ പ്രമേയം കൊണ്ടുവന്നത്.

നിലവിൽ യുഡിഎഫ്9, എൽഡിഎഫ്8, ബിജെപി3, എസ്!ഡിപിഐ1 എന്നിങ്ങനെയാണ് വെമ്പായം ഗ്രാമ പഞ്ചായത്തിലെ കക്ഷി നില. രാവിലെ അവിശ്വാസ പ്രമേയത്തിന്മേൽ നടന്ന ചർച്ചയ്ക്കുശേഷമാണ് വോട്ടിനിട്ടത്.

അവിശ്വാസ പ്രമേയ ചർച്ചയിൽനിന്നു യുഡിഎഫ് അംഗങ്ങളും എസ്!ഡിപിഐ അംഗവും വിട്ടുനിന്നു. എൽഡിഎഫിന്റെ അവിശ്വാസ പ്രമേയത്തെ അനുകൂലിച്ച് മൂന്ന് ബിജെപി അംഗങ്ങൾ വോട്ട് ചെയ്തു. തുടർന്നാണ് അവിശ്വാസം പാസായത്.

## ശബരിമല വിമാനത്താവളം: സാമൂഹികാഘാത പഠനം അടുത്തയാഴ്ച തുടങ്ങും

കൊച്ചി: നിർദിഷ്ട ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിനായുള്ള സാമൂഹികാഘാത പഠനം അടുത്തയാഴ്ച തുടങ്ങും. കൊച്ചി തൃക്കാക്കര ഭാരതമാതാ കോളജിലെ ഭാരതമാതാ സ്കൂൾ ഓഫ് സോഷ്യൽ വർക്ക് വിഭാഗമാണ് പഠനം നടത്തുന്നത്. 15 പേരുടെ സംഘമാണ് പരിശോധന നടത്തുന്നത്.സെപ്റ്റംബർ പത്തിനാണ് ശബരിമല വിമാനത്താവളത്തിനുള്ള സ്ഥലമേറ്റെടുപ്പിനും സാമൂഹികാഘാത പഠനത്തിനുമുള്ള പുതിയ ഗസറ്റ് വിജ്ഞാപനം സർക്കാർ ഇറക്കിയത്. 2023 ജനുവരി 23ന് ഇറക്കിയ പ്രാഥമിക വിജ്ഞാപനം റദ്ദാക്കിയാണു സർക്കാർ പുതിയ വിജ്ഞാപനം ഇറക്കിയത്.

പ്രാഥമിക വിജ്ഞാപനത്തിലെയും സാമൂഹികാഘാത പഠനം നടത്താൻ ഏജൻസിയെ നിശ്ചയിച്ചതിലെയും പിഴവു ചൂണ്ടിക്കാട്ടി അയന ചാരിറ്റബിൾ ട്രസ്റ്റ് ഹൈക്കോടതിയെ സമീപിച്ചതിനെ തുടർന്നാണ് ആദ്യ വിജ്ഞാപനം റദ്ദാക്കിയത്. വിമാനത്താവളത്തിനായി സർക്കാർ ഏറ്റെടുക്കുന്ന ചെറുവള്ളി എസ്റ്റേറ്റിന്റെ ഉടമകളായ ബിലീവേഴ്സ് ചർച്ചിനു കീഴിലുള്ള ട്രസ്റ്റാണ് അയന.

